I. ഇ.ബി. XV-കേരള നിയമസഭ/XIII-8

# പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 ഫെബ്രുവരി 11, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: സംസ്ഥാനത്ത് ലഹരിയുടെ വ്യാപനംമൂലം കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും വർധിക്കുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ പി. സി. വിഷ്ണുനാഥ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ലഹരിയെ സാമൂഹിക വിപത്തായി കാണുകയും അതിനെ ചെറുക്കാൻ ജനങ്ങളെയാകെ ഒറ്റക്കെട്ടായി അണിനിരത്തുകയും ചെയ്യുന്ന ഈ സർക്കാരിന് ഒന്നും മറച്ചുവയ്ക്കാനില്ലാത്ത സാഹചര്യത്തിൽ ഉപക്ഷേപം ചർച്ച ചെയ്യാൻ തയ്യാറാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) സമഗ്ര മാനസികാരോഗ്യ പദ്ധതി

ശ്രീ. മുഹമ്മദ് മുഹസിൻ: വിദ്യാർഥികളിൽ ഉയർന്നുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിനും പരിഹരിക്കുന്നതിനുമായി അധ്യാപകർക്കും വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും പരിശീലനം നൽകുകയും എല്ലാ സ്കൂളുകളിലും കൗൺസലർമാരെ നിയമിച്ച് നിലവിലെ കൗൺസലിങ് സംവിധാനം മെച്ചപ്പെടുത്തുകയും വേണം. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു സമഗ്ര മാനസികാരോഗ്യ പദ്ധതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. എറണാകുളം ജില്ലയിലെ ഗ്ലോബൽ പബ്ലിക് സ്കൂളിലെ

വിദ്യാർഥി ആത്മഹത്യ ചെയ്ത സംഭവത്തിൽ സർക്കാർ ഗൗരവമായി ഇടപെടണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂൾ വിദ്യാർഥികളിലെ മാനസികാരോഗ്യ പ്രശ്നങ്ങളുടെ വ്യാപനവും തോതും കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി എൻ.സി.ഇ.ആർ.ടി. പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ നിർദേശിച്ചിരിക്കുന്ന പരിഹാരനടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു. ഹയർ സെക്കൻഡറി തലത്തിലുള്ള വിദ്യാർഥികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നതോടൊപ്പം അധ്യാപകർക്ക് വിവിധ തലത്തിലുള്ള പരിശീലനവും നൽകിവരുന്നു. ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർഥികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്കൂളുകളിൽ ആരോഗ്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കൗൺസലർമാരുടെ സേവനം ലഭ്യമാണ്. കൗമാരകാലത്തെ ശാരീരിക-മാനസിക-വൈകാരിക-സാമൂഹിക വികാസത്തെക്കുറിച്ച് ധാരണയുണ്ടാക്കാനും സ്വന്തം ശക്തിദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് വെല്ലുവിളികളെ അതിജീവിക്കാനുമായി ഒമ്പതാം ക്ലാസ് വിദ്യാർഥികളെ കേന്ദ്രീകരിച്ച് 'ക്രിയാത്മക കൗമാരം കരുത്തും കരുതലും'

എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. അധ്യാപകർക്ക് പരിശീലനം നൽകുന്നതിന് 'നന്മ പൂക്കുന്ന നാളേക്ക്' എന്ന പേരിൽ ഹാൻഡ് ബുക്ക് തയ്യാറാക്കിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും കൗൺസലർമാരുടെ സേവനം ലഭ്യമാക്കാൻ സാധിക്കാത്തതിനാൽ മുഴുവൻ അധ്യാപകരെയും പ്രൈമറി കൗൺസലിങ്ങിന് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. എറണാകുളം ജില്ലയിലെ ഗ്ലോബൽ പബ്ലിക് സ്കൂളിന് എൻ.ഒ.സി. ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തപക്ഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(2) <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ്</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: കുറഞ്ഞ വേതനവും കേന്ദ്ര സർക്കാരിന്റെ കടുത്ത നിബന്ധനകളുംമൂലം തൊഴിലുറപ്പ് പദ്ധതിയിൽനിന്നും തൊഴിലാളികൾ കൊഴിഞ്ഞുപോകുകയാണ്. തൊഴിലിടങ്ങളിൽ മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം പത്ത് ലക്ഷം രൂപയായും ഗുരുതരമായി പരിക്കേൽക്കുന്നവർക്കുള്ള ധനസഹായം

ഒരു ലക്ഷം രൂപയായും ഉയർത്തണം. തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുന്നതിനും തൊഴിലാളികളുടെ വേതനം വർധിപ്പിക്കുന്നതിനും ഉപകരണങ്ങൾക്കുള്ള മെയിന്റനൻസ് തുക പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. തൊഴിലാളികൾ തൊഴിൽ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും തൊഴിലിടങ്ങളിൽത്തന്നെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യമേർപ്പെടുത്താനും നടപടി സ്വീകരിക്കണം. തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ശിപാർശ ചെയ്യണം. കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ തൊഴിലുറപ്പ് സേവനം ലഭ്യമാക്കി തൊഴിൽ ദിനങ്ങൾ വർധിപ്പിക്കുകയും സർക്കാർ വിഹിതവും തൊഴിലാളി വിഹിതവും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുകയും വേണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്കാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നുവെന്ന്

ഉറപ്പുവരുത്താൻ മിഷൻ ഡയറക്ടർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക 2-ലെ വ്യവസ്ഥ പ്രകാരമാണ് പ്രവൃത്തിയുടെ ഭാഗമായി മരണമോ സ്ഥിര അംഗവൈകല്യമോ സംഭവിക്കുന്ന തൊഴിലാളികൾക്ക് സഹായം അനുവദിക്കുന്നത്. തൊഴിൽ വേളയിലെ മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവ സംഭവിക്കുന്നപക്ഷം നിയമപരമായ അവകാശികൾക്ക് എക്സ്ഗ്രേഷ്യ ഇനത്തിൽ 75000 രൂപ നൽകിവരുന്നു. കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച ആന്വൽ മാസ്റ്റർ സർക്കുലർ പ്രകാരം അനുവദിക്കുന്ന രണ്ട് ലക്ഷം രൂപയ്ക്ക് തുല്യമായി എക്സ്ഗ്രേഷ്യ നിരക്ക് വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. തൊഴിലിൽ ഏർപ്പെട്ടയാളോടൊപ്പം പ്രവൃത്തി സ്ഥലത്ത് വരുന്ന കുട്ടികൾക്ക് മരണമോ, സ്ഥായിയായ അംഗവൈകല്യമോ സംഭവിച്ചാൽ 37500 രൂപ സഹായധനമായി നൽകുന്നതിനും വ്യവസ്ഥയുണ്ട്. പ്രവൃത്തി സ്ഥലത്ത് സംഭവിക്കുന്ന അപകടങ്ങൾക്ക് പൂർണ്ണ സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും രജിസ്ട്രേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലുമാണ്.

## III. സബ്മിഷൻ

(1) മുക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് നിർമ്മാണം

ശ്രീ. റോജി എം. ജോൺ: റീബിൽഡ് കേരള പദ്ധതിയിലുൾപ്പെട്ട മുക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മുക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ 87% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കൃത്യമായ ടൈം ഷെഡ്യൂൾ തയ്യാറാക്കുന്നതും പ്രവൃത്തി മോണിറ്റർ ചെയ്യുന്നതിന് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതുമാണ്.

(2) ആലത്തൂരിലെ വർക്കുകൾക്ക് പി.എം.സി.-കളെ ചുമതലപ്പെടുത്തൽ

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂരിലെ വിവിധ വർഷങ്ങളിലെ ബജറ്റ് വർക്കുകളുടെ പൂർത്തീകരണത്തിന് പി.എം.സി.-കളെ ചുമതലപ്പെടുത്തണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഭരണ വകുപ്പ് മുഖേന ഉചിതമായ ശിപാർശകൾ ലഭ്യമാകുന്നമുറയ്ക്ക് ആലത്തൂർ

നിയോജകമണ്ഡലത്തിലെ വിവിധ വർഷങ്ങളിലെ ബജറ്റ് വർക്കുകൾക്ക് പി.എം.സി.-കളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) എസ്.സി./എസ്.ടി. വിദ്യാർഥികൾക്കുള്ള ധനസഹായം

ശ്രീ. വി. ശശി: എസ്.സി./എസ്.ടി. പോസ്റ്റ് മെട്രിക് വിദ്യാർഥികളുടെ ഇ-ഗ്രാന്റ് കുടിശ്ശിക തീർത്ത് അതത് വർഷംതന്നെ നൽകാനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് 2023-24 വരെയുള്ള മുഴുവൻ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ആനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. നടപ്പുവർഷം പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് കേന്ദ്ര പദ്ധതി പ്രകാരമുള്ള പോസ്റ്റ് മെട്രിക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള ആനുപാതിക സംസ്ഥാന വിഹിതത്തിനുപുറമെ 43.77 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര പദ്ധതി പ്രകാരം 2.5 ലക്ഷം രൂപ വാർഷിക വരുമാനം നിശ്ചയിച്ചിട്ടുള്ളതിനാൽ അർഹരായ മുഴുവൻ കുട്ടികൾക്കും വരുമാനപരിധി കണക്കിലെടുക്കാതെ സംസ്ഥാന സർക്കാർ അധിക തുക വകയിരുത്തി ധനസഹായം അനുവദിച്ചിട്ടുണ്ട്. നടപ്പുവർഷം പട്ടികജാതി വിഭാഗക്കാരുടെ സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ

നൽകുന്നതിനായി ഇതുവരെ 594.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ വിഭാഗക്കാർക്കുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളുടെ ആനുപാതിക സംസ്ഥാന വിഹിതവും സംസ്ഥാനം നേരിട്ട് നടത്തുന്ന പദ്ധതികൾക്കുള്ള വിഹിതവും ചേർത്ത് നടപ്പുവർഷം 71.82 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയിൽ യാതൊരുവിധ കുടിശ്ശികയുമില്ല.

## (4) പൊന്നാനി കടലോര മേഖലകളിലുള്ളവർക്ക് നികുതി അടയ്ക്കാൻ സംവിധാനം

ശ്രീ. പി. നന്ദകുമാർ: പൊന്നാനി നിയോജകമണ്ഡലത്തിലെ കടലോര മേഖലകളിലുള്ളവരിൽനിന്നും ഭൂനികുതി സ്വീകരിക്കാനുള്ള സാങ്കേതിക തടസ്സം നീക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പൊന്നാനി നിയോജകമണ്ഡലത്തിലെ കടലോര മേഖലകളിൽ സർവെ നടന്ന കാലഘട്ടത്തിൽ കടൽ പുറമ്പോക്കായി മാറ്റിയിട്ടിരുന്ന ഭൂമി സർവെ രേഖകളിൽ ഉൾപ്പെടുത്തുകയോ വിജ്ഞാപനം ചെയ്യപ്പെടുകയോ ചെയ്യാത്തതിനാൽ  പോക്കുവരവ് ചെയ്ത് കരമടയ്ക്കാൻ സാധിച്ചിട്ടില്ല. സർവെ അതിർത്തിക്ക് പുറത്തുള്ള സ്ഥലമായതിനാൽ സർവെ അതിരടയാള നിയമമനുസരിച്ച് മാത്രമേ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നിരവധി യോഗങ്ങൾ ചേർന്നതിനെത്തുടർന്ന് ReLIS പോർട്ടലിൽ ലാൻഡ് അസൈൻമെന്റ് ഓപ്ഷൻ വഴി ഈ മാസം മുതൽ നികുതി സ്വീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(5) കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമവും സബ്സ്റ്റേഷൻ നിർമ്മാണവും

ശ്രീമതി ശാന്തകുമാരി കെ.: കാഞ്ഞിരപ്പുഴ ഡാം കേന്ദ്രീകരിച്ച് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലമുപയോഗപ്പെടുത്തി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിച്ച് കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ 50 സെന്റ് സ്ഥലം ലീസിന് നൽകണമെന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ അപേക്ഷയിന്മേലുള്ള റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(6) ചാലക്കുടി നിയോജകമണ്ഡലത്തിലെ റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ

ശ്രീ. സനീഷ് കുമാർ ജോസഫ്: ചാലക്കുടി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാനും പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴിച്ച റോഡുകൾ പൂർവസ്ഥിതിയിലാക്കാനും കരാറുകാർക്ക് നൽകാനുള്ള തുക സമയബന്ധിതമായി നൽകാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജൽജീവൻ മിഷൻ പദ്ധതികൾ സംസ്ഥാനത്തൊട്ടാകെ പുരോഗതി കൈവരിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ ഇട്ടതിനുശേഷം വാട്ടർ പ്രഷർ ടെസ്റ്റ് നടത്തിയാൽ മാത്രമേ പെർമനന്റ് റെസ്റ്റോറേഷൻ നടത്താൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കരാറുകാർക്ക് കർശന നിർദേശം നൽകുകയും വീഴ്ചവരുത്തുന്നവർക്കെതിരെ നിബന്ധനകൾക്കനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതുമാണ്. കരാറുകാർക്കുള്ള കുടിശ്ശിക സമയബന്ധിതമായി നൽകാനാവശ്യമായ നടപടി സ്വീകരിക്കും. റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതോടോപ്പം പ്രവൃത്തികൾ കൃത്യമായി മോണിറ്റർ ചെയ്യാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുന്നതുമാണ്.

(7) <u>അന്യസംസ്ഥാനങ്ങളിലേക്കുള്ള വിറക് കടത്ത് തടയൽ</u>

<u>ശ്രീ. കെ. വി. സുമേഷ്</u>: അഴീക്കോട് നിയോജകമണ്ഡലത്തിലെ പ്ലൈവുഡ് വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ അസംസ്കൃത മരങ്ങൾ ലഭ്യമാക്കാനും ഇതരസംസ്ഥാനങ്ങളിലേക്ക് വിറക് കൊണ്ടുപോകുന്നത് തടയുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): 2008-ലെ സർക്കാർ ഉത്തരവുപ്രകാരം 15 ഇനം വിറകുകളൊഴികെയുള്ളവ സംസ്ഥാനത്തിന് പുറത്തുകൊണ്ടുപോകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മരങ്ങൾ ലഭ്യമാകാത്തതിനാൽ വ്യവസായ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്ത നിലവിലെ സാഹചര്യം വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്.

(8) <u>പീരുമേട് നിയോജകമണ്ഡലത്തിലെ കാട്ടാന ആക്രമണം</u>

<u>ശ്രീ. വാഴൂർ സോമൻ</u>: പീരുമേട് നിയോജകമണ്ഡലത്തിൽ കാട്ടാന ആക്രമണം വർധിച്ചുവരുന്ന സാഹചര്യത്തിൽ അവിടെ ഒരു റേഞ്ച് ഓഫീസ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. 10-02-2025-ന് നെല്ലിവിള സ്വദേശിനി സോഫിയ ഇസ്മയിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട

സംഭവം സർക്കാർ ഗൗരവമായി കാണുകയും അനന്തരാവകാശിക്ക് ജോലി നൽകാനുള്ള നടപടി സ്വീകരിക്കുകയും വേണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പീരുമേട് നിയോജകമണ്ഡലത്തിലെ നെല്ലിവിള സ്വദേശിനി സോഫിയ ഇസ്മയിൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട വിഷയത്തിൽ വനം-റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ ഫലപ്രദമായ ഇടപെടൽ നടത്തിയിട്ടുണ്ട്. കുടുംബത്തിലെ ഒരംഗത്തിന് സ്ഥിരം ജോലി നൽകുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കേണ്ടതുണ്ട്. പീരുമേട്ടിൽ റേഞ്ച് ഓഫീസ് സ്ഥാപിക്കുന്ന കാര്യം പുതിയ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്ന ഘട്ടത്തിൽ പരിഗണിക്കുന്നതാണ്.

(9) പുതുക്കിയ കോടതി ഫീസും വ്യവഹാരസലയും പിൻവലിക്കൽ

ശ്രീ. യു. എ. ലത്തീഫ്: ബജറ്റിൽ പ്രഖ്യാപിച്ച പുതുക്കിയ നിരക്കിലുള്ള കോടതി ഫീസും വ്യവഹാരസലയും പിൻവലിക്കാൻ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കോടതി ഫീസും വ്യവഹാര സലയും പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലാണ് ഫീസിൽ വർധനവ് വരുത്താൻ ഉദ്ദേശിക്കുന്നത്. അതുസംബന്ധിച്ച നിർദേശങ്ങളാണ് ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് നീതി ഉറപ്പുവരുത്താനുള്ള നിയമസഹായം സൗജന്യമായി ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ തുടരുന്നതാണ്.

(10) സ്കൂൾ പാചകതൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ

ശ്രീ. വി. ആർ. സുനിൽ കുമാർ: സംസ്ഥാനത്തെ സ്കൂൾ പാചകതൊഴിലാളികൾക്ക് മിനിമം കൂലി, വർഷാവർഷ വേതന വർധനവ്, ഇ.എസ്.ഐ. പ്രൊവിഡന്റ് ഫണ്ട് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂൾ പാചക തൊഴിലാളികൾ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ വരുന്നവരും മിനിമം വേതനത്തെക്കാൾ ഉയർന്ന തുക ഓണറേറിയമായി ലഭിക്കുന്നവരുമാണ്. നിലവിലെ വ്യവസ്ഥകൾ പ്രകാരം പ്രതിമാസ ഓണറേറിയവും അവധിക്കാല സമാശ്വാസവും ഒഴികെ മറ്റൊരുതരത്തിലുള്ള

ആനുകൂല്യങ്ങളും നൽകാനോ എണ്ണം വർധിപ്പിക്കാനോ സാധിക്കുകയില്ല. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരായതിനാൽ സ്ഥിരം ജീവനക്കാരാക്കാനോ ആശ്രിതനിയമനം നൽകാനോ പെൻഷൻ അനുവദിക്കാനോ വ്യവസ്ഥയില്ല. പാചക തൊഴിലാളികളെ ഇ.പി.എഫ്. പദ്ധതിയിലുൾപ്പെടുത്തണമെന്നുള്ള ആവശ്യം തൊഴിലും നൈപുണ്യവും വകുപ്പ് പരിശോധിച്ചുവരികയാണ്.

(11) ഹയർ സെക്കൻഡറി പരീക്ഷകളുടെ സമയക്രമം

ശ്രീ. കുറുക്കോളി മൊയ്തീൻ: 2025 മാർച്ച് 3 മുതൽ 26 വരെ ഉച്ചയ്ക്കുശേഷം നടത്താൻ തീരുമാനിച്ചിട്ടുള്ള ഹയർ സെക്കൻഡറി പരീക്ഷകളുടെ സമയം പുന:ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഈ വർഷത്തെ പൊതുപരീക്ഷകളിൽ 2025 മാർച്ച് 3 മുതൽ 26 വരെ രണ്ടാം വർഷ ഹയർ സെക്കൻഡറി പരീക്ഷകളും മാർച്ച് 6 മുതൽ 29 വരെ ഒന്നാം വർഷ ഹയർ സെക്കൻഡറി പരീക്ഷകളും ഉച്ചയ്ക്കുശേഷം നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്. മാർച്ചിലെ ചൂടുകാലാവസ്ഥയും റംസാൻ വ്രതവും കണക്കിലെടുത്ത് എസ്.എസ്.എൽ.സി. പരീക്ഷകളും സ്കൂൾ വാർഷിക

പരീക്ഷകളും രാവിലത്തെ സമയക്രമത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. ആയതിനാലാണ് ഹയർ സെക്കൻഡറി പരീക്ഷാ സമയം ഉച്ചയ്ക്ക് 1.30-ന് ആരംഭിച്ച് 4.15-ന് അവസാനിക്കുന്ന തരത്തിൽ ക്രമീകരിച്ചിട്ടുള്ളത്. രണ്ട് വെള്ളിയാഴ്ചകളിലെ ഹയർ സെക്കൻഡറി പരീക്ഷകൾ രണ്ടുമണിക്ക് ആരംഭിച്ച് 4.45-ന് അവസാനിക്കുന്ന തരത്തിൽ ക്രമീകരിക്കാം. പൊതുപരീക്ഷകൾ രാവിലത്തെ ക്രമത്തിലേക്ക് മാറ്റിയാൽ മാർച്ചിൽ പരീക്ഷ അവസാനിക്കാത്ത സാഹചര്യം സംജാതമാകുകയും ഫലപ്രഖ്യാപനം നീണ്ടുപോകുകയും വിദ്യാർഥികളുടെ ഉപരിപഠനത്തെ ബാധിക്കുകയും ചെയ്യും. ആയതിനാൽ പരീക്ഷകളുടെ സമയത്തിൽ മാറ്റം വരുത്തണമെന്നത് നിലവിൽ പരിഗണിക്കാൻ നിർവാഹമില്ല.

## IV. റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ മുപ്പത്തിനാല് മുതൽ നാൽപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## V. ധനകാര്യം

### 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തിനിടയിലും

ജനക്ഷേമകരമായ ബജറ്റ് അവതരിപ്പിച്ചത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക പരാധീനതകൾ മറികടക്കാൻ നിരവധി പാക്കേജുകൾ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടും അവയൊന്നും അനുവദിക്കാൻ തയ്യാറാകാത്ത കേന്ദ്ര നിലപാടിനെതിരായി കേരളത്തിലെ മുഴുവൻ ജനങ്ങളും ഭരണ-പ്രതിപക്ഷ ഭേദമന്യേ യോജിച്ച പ്രക്ഷോഭത്തിന് തയ്യാറാകണം. ലൈഫ് ഭവന പദ്ധതി പ്രകാരം 4,27,736 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചത് ശ്രദ്ധേയമാണ്. അടച്ചുറപ്പുള്ള വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനായി 1160 കോടി രൂപയും വയനാട് ദുരന്തത്തിനിരയായവരുടെ പുനരധിവാസത്തിനായി 750 കോടി രൂപയും വയനാട് തുരങ്കപാതയ്ക്കായി 2000 കോടി രൂപയും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്കായി 150 കോടി രൂപയും ബജറ്റിൽ വകയിരുത്തിയത് ശ്ലാഘനീയമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് 50 ഗവേഷണ പ്രോജക്ടുകൾക്കായി 10 ലക്ഷം രൂപ വീതം നൽകിക്കൊണ്ട് പുതിയ പദ്ധതികൾ മുന്നോട്ടുവച്ചത് ശ്രദ്ധേയമാണ്. കുറ്റ്യാടി പൈതൃക പ്രോജക്ടിനുവേണ്ടി 5.70 കോടി രൂപയും കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് നവീകരണത്തിനായി 20 കോടി രൂപയും അനുവദിക്കണം. നാളീകേര

കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കണം.

ശ്രീ. സി. ആർ. മഹേഷ്: ബജറ്റിനെ എതിർക്കുന്നു. നിരാശാജനകമായ ബജറ്റാണിത്. നിർമ്മാണ തൊഴിലാളികളുടെയും കർഷക തൊഴിലാളികളുടെയും ക്ഷേമനിധി പെൻഷൻ കുടിശ്ശിക നൽകാനുള്ള നടപടിയുണ്ടാകണം. ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമുള്ള ധനസഹായം 10 ലക്ഷം രൂപയായി വർധിപ്പിക്കണം. വന്യജീവി ആക്രമണത്തെ പ്രതിരോധിക്കാൻ നടപടി സ്വീകരിക്കണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഗ്രാമീണ റോഡുകൾക്ക് ഫണ്ട് അനുവദിക്കണം. കടൽ തീരങ്ങളിലെ മണൽ ഖനനത്തിനുള്ള കേന്ദ്ര സർക്കാർ പദ്ധതി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എതിർക്കപ്പെടണം.

ശ്രീമതി സി. കെ. ആശ: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നടപടികളിൽ നട്ടംതിരിയുന്ന ജനങ്ങൾക്ക് മുന്നിൽ വികസനത്തിന്റെ മറ്റൊരു മോഡലാണ് ബജറ്റിന്റെ രൂപത്തിൽ ഇവിടെ അവതരിപ്പിച്ചത്. ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാരിന്റെ ശ്രമങ്ങളെ പരിഹസിക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം

ലജ്ജാകരമാണ്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റമാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം പദ്ധതി എന്നിവയിലൂടെയുള്ള നവീകരണ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഭൂരഹിതരായവർക്ക് വീടും സ്ഥലവും നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വൈക്കം നിയോജകമണ്ഡലത്തിലെ നേരെക്കടവ് മുതൽ ഉദയനാപുരം വരെയുള്ള റോഡിന് വീതി കൂട്ടുന്നതിനും സ്കൂൾ-പാചകത്തൊഴിലാളികളുടെ ശമ്പളം കൃത്യമായി ലഭ്യമാക്കുന്നതിനും ബജറ്റിൽ തുക വകയിരുത്തണം.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: ബജറ്റിനെ എതിർക്കുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിനുവേണ്ടി ബജറ്റിൽ തുക വകയിരുത്താത്തത് നിരാശാജനകമാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്കായി ബജറ്റിൽ തുച്ഛമായ തുക നീക്കിവച്ചുവെന്നല്ലാതെ മറ്റൊരു പദ്ധതിയും ആവിഷ്കരിക്കാൻ സാധിക്കാത്തത് അപലപനീയമാണ്. മഞ്ചേശ്വരം-കുമ്പള അതിർത്തിയിൽ പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ബജറ്റിനെ എതിർക്കുന്നു. സാധാരണക്കാരെ അവഗണിച്ച ബജറ്റാണിത്. നികുതിയും കോടതി ഫീസും വർധിപ്പിച്ച്

ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. റബ്ബറിന്റെ അടിസ്ഥാന വിലയിൽ നാമമാത്ര വർധനവാണ് വരുത്തിയിരിക്കുന്നത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലേയും വികസന പ്രവർത്തനങ്ങൾക്ക് ബജറ്റിൽ തുക വകയിരുത്താത്തത് പ്രതിഷേധാർഹമാണ്. പിറവം നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട വികസന പദ്ധതികൾക്ക് പരിഗണന നൽകുകയും കിഫ്ബി പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്യണം. കിഫ്ബി റോഡുകൾക്ക് ടോൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച നയം വ്യക്തമാക്കണം. (ചർച്ച തുടരും)

## VI. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

<u>ലഹരി വ്യാപനം</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ലഹരി ഉപയോഗവും അതുമൂലമുള്ള കുറ്റകൃത്യങ്ങളും വർധിച്ചുവരികയാണ്. പല തരത്തിലുള്ള ലഹരി വസ്തുക്കൾ ഗ്രാമപ്രദേശങ്ങളിൽപ്പോലും സുലഭമായി ലഭ്യമാകുന്ന സാഹചര്യമാണുള്ളത്.

എൻ.ഡി.പി.എസ്. ആക്റ്റ് പ്രകാരമുള്ള കേസുകൾ പരിശോധിച്ചാൽ കേരളത്തിൽ ലഹരി ഉപയോഗം വർധിക്കുന്നതായി മനസ്സിലാക്കാം. സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപഭോഗം വർധിച്ചുവരികയും ലഹരി വസ്തുക്കളുടെ ക്യാരിയർമാരായി വിദ്യാർഥികളെ ഉപയോഗിക്കുകയുമാണ്. ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള ലഹരിക്കടത്ത് തടയാൻ ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കണം. എം.ഡി.എം.എ. പോലുള്ള ആധുനിക സിന്തറ്റിക് മയക്കുമരുന്നുകളുടെ ഉപയോഗം ഗുരുതര മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുകയാണ്. COTPA കേസുകളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതും ലഹരി കേസുകൾ വർധിക്കുന്നതും സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്താൻ സർക്കാർ തയ്യാറാകണം. ലഹരിക്കെതിരായ ബോധവൽക്കരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. സ്കൂളുകളിൽ മാതൃ പി.ടി.എ.-കളുടെ പ്രവർത്തനം സജീവമാക്കുകയും ഹരിയാന മോഡൽ സ്പോർട്സ് നഴ്സറികൾ സ്ഥാപിക്കുകയും ആറ് മാസത്തിലൊരിക്കലെങ്കിലും കുട്ടികളിൽ വൈദ്യപരിശോധന നടത്തുകയും വേണം. എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിക്കുകയും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുകയും വനിതാ എക്സൈസ് ഉദ്യോഗസ്ഥരുടെ നിയമന നടപടികൾ ത്വരിതപ്പെടുത്തുകയും നിയമങ്ങൾ

ശക്തമാക്കുകയും ചെയ്യണം. സംസ്ഥാനത്തെ ലഹരി ഉപയോഗം തടയുന്നതിന് അടിയന്തരനടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പ്രഭാകരൻ</u>: കേരളത്തിന്റെ സാമൂഹ്യ വിപത്തായി ലഹരി ഉപയോഗം മാറിയിരിക്കുകയാണ്. ചെറിയൊരു അംശം ലഹരിവസ്തു കൈവശം വച്ചാലും ശിക്ഷ ഉറപ്പാക്കുന്ന തരത്തിൽ നിയമത്തിൽ ഭേദഗതി വരുത്തണം. പൊതുസമൂഹം ഒറ്റക്കെട്ടായി നിന്ന് ലഹരിയെന്ന മഹാവിപത്തിനെ നേരിടണം. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ പ്രത്യേക തുക വകയിരുത്തണം.

<u>ശ്രീ. അൻവർ സാദത്ത്</u>: മയക്കുമരുന്ന് ലോബിക്കെതിരെ പോലീസ് - എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാത്തത് ദൗർഭാഗ്യകരമാണ്. പോലീസ്-എക്സൈസ് വകുപ്പുകളിലെ ജീവനക്കാരുടെ എണ്ണം കാലാനുസൃതമായി വർധിപ്പിക്കുകയും മയക്കുമരുന്ന് ലോബിയെ നേരിടുന്നതിനുള്ള സർവസന്നാഹങ്ങളും ഒരുക്കിക്കൊടുക്കുകയും വേണം. സ്പോർട്സിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് യുവതലമുറയെ ശരിയായ ദിശയിലേക്ക് നയിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ഇതിനായി ബജറ്റിൽ കൂടുതൽ തുക വകയിരുത്തുകയും ചെയ്യണം. ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് സാമൂഹ്യക്ഷേമ/യുവജനകാര്യ/സ്പോർട്സ് വകുപ്പുകളെ ചുമതലപ്പെടുത്തണം. ലഹരിമരുന്നിനെതിരായ അവബോധം

പ്രൈമറിതലത്തിലുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഇതിനായി പ്രത്യേക പീരീഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. ബാലചന്ദ്രൻ: ലഹരിമരുന്നിനെതിരായ ജാഗ്രത യുവതലമുറയിൽ വളർത്തിയെടുക്കേണ്ടതുണ്ട്. വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം ശക്തിപ്പെടുത്തുകയും കുട്ടികളിൽ കലാ-കായിക അഭിരുചി വളർത്തിയെടുക്കുകയും വേണം. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരിക്കെതിരായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. സന്നദ്ധസംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയെ ലഹരിക്കെതിരായ പ്രവർത്തനങ്ങൾക്കായി അണിനിരത്തണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: ലഹരിയെന്ന മഹാവിപത്തിനെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചുനിന്ന് പ്രവർത്തിക്കണം. ലഹരിയുടെ വ്യാപനം തടയുന്നതിനായി സർക്കാരിന്റെ നയങ്ങളിലും തീരുമാനങ്ങളിലും ആവശ്യമായ തിരുത്തലുകൾ വരുത്തുകയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും വേണം. വിദ്യാർഥികൾക്കിടയിലെ ലഹരി ഉപഭോഗം വർധിച്ചുവരുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എക്സൈസ് വകുപ്പിൽ വനിതാ ജീവനക്കാരുടെ എണ്ണം വർധിപ്പിക്കണം. മദ്യ-മയക്കുമരുന്ന് മാഫിയകൾക്കെതിരെ കർക്കശ നിലപാട് സ്വീകരിക്കാൻ

കഴിയുന്ന തരത്തിലുള്ള നിയമം കൊണ്ടുവരാനാവശ്യമായ നടപടിയുണ്ടാകണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരിക്കടത്ത് തടയാനായി ആവിഷ്കരിച്ച 'കെമു' പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ലഹരിക്കെതിരെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഉണർവ്, വിമുക്തി തുടങ്ങിയ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ട്. കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നത് ഗുണകരമാകും. കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തുന്നതിനായി വൈദ്യപരിശോധന വ്യാപകമാക്കണം.

ശ്രീമതി കാനത്തിൽ ജമീല: ലഹരി വ്യാപനം തടയുന്നതിനായി എക്സൈസ് വകുപ്പിന് ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണ്ടാസംഘങ്ങളെ കോടതി വെറുതെ വിടുന്നത് പോലീസുകാരുടെ മനോവീര്യം തകർക്കും. ലഹരിസംഘത്തിലെ പ്രധാന കണ്ണികളെ പിടികൂടാനുള്ള നടപടി സ്വീകരിക്കണം. ലഹരി ഉപയോഗിക്കുന്നവിധവും കൊലപാതകവും സിനിമകൾപോലുള്ള സമൂഹ മാധ്യമങ്ങളിൽ പ്രദർശിപ്പിക്കുന്നത് തടയണം. സ്കൂൾ/കോളേജ് തലങ്ങളിൽ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുകയും പോലീസ് പട്രോളിങ്

കാര്യക്ഷമമാക്കുകയും അതിഥി തൊഴിലാളികളെ കർശനമായി നിരീക്ഷിക്കുകയും ചെയ്യണം.

ശ്രീമതി കെ. കെ. രമ: ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിൽ കാര്യമായ പുരോഗതിയുണ്ടാക്കാൻ സാധിച്ചിട്ടില്ല. വിദ്യാർഥികളെ കേന്ദ്രീകരിച്ചാണ് ലഹരിസംഘം പ്രവർത്തിക്കുന്നതെന്നതിനാൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ എണ്ണം വർധിപ്പിച്ചുകൊണ്ട് എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ലഹരി അവബോധം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും കളിസ്ഥലങ്ങളുടെ എണ്ണം വർധിപ്പിക്കുകയും ചെയ്യണം. സ്കൂളുകൾക്ക് സമീപമുള്ള കടകളിൽ എക്സൈസ് വകുപ്പിന്റെ പരിശോധന കർശനമാക്കണം.

ശ്രീ. കെ. എം. സച്ചിൻദേവ്: കേരളം കാഴ്ചവയ്ക്കുന്ന ലഹരി പ്രതിരോധ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. മയക്കുമരുന്ന് നിർമ്മാണം തടയുന്നതിന് കേരള പോലീസ് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണ്. ലഹരി സംഘങ്ങളുമായുള്ള ഏറ്റുമുട്ടലിൽ സ്വജീവൻ സംരക്ഷിക്കാനാവശ്യമായ ഉപകരണങ്ങൾ എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകണം. ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ കടുത്ത ശിക്ഷാ നടപടികൾ കൊണ്ടുവരുന്നതിനായി നിയമത്തിൽ ഭേദഗതി വരുത്താനും

അതിഥി തൊഴിലാളി ക്യാമ്പുകളിൽ പരിശോധന ഊർജ്ജിതമാക്കാനും സാധിക്കണം.

<u>ശ്രീ. അഹമ്മദ് ദേവർ കോവിൽ</u>: മയക്കുമരുന്ന് മാഫിയകളെ കണ്ടെത്താനും മയക്കുമരുന്നിന്റെ വ്യാപനം തടയാനും വിവിധ സർക്കാർ ഏജൻസികൾ കൂട്ടായി നടത്തുന്ന പ്രവർത്തനം ശ്ലാഘനീയവും മാതൃകാപരവുമാണ്. സംസ്ഥാനത്തെ മയക്കുമരുന്ന് മുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ 'No to drug' ക്യാമ്പയിൻ നല്ല നിലയിൽ മുന്നോട്ടുപോകുന്നുണ്ട്. പോലീസ്, എക്സൈസ്, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ മേൽനോട്ടത്തിൽ വിദ്യാലയങ്ങളും വ്യാപാര ശാലകളും കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ ശിക്ഷ ഉറപ്പാക്കുന്നതിന് ലഹരിക്കടത്ത് കുറ്റകൃത്യം ചെയ്യുന്നവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും ആവർത്തിച്ച് കുറ്റകൃത്യം ചെയ്യുന്നവരെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുമുള്ള നിയമം നടപ്പാക്കണം.

<u>ശ്രീ. കെ. വി. സുമേഷ്</u>: ഈ വിഷയം ചർച്ച ചെയ്യാനുള്ള ഗവൺമെന്റിന്റെ വിശാലമായ താൽപര്യത്തെയും ശക്തമായ ഇടപെടലിനെയും അഭിനന്ദിക്കുന്നു. രാസലഹരികളുടെയും സിന്തറ്റിക്

ഡ്രഗ്ഗുകളുടെയും വിപണിയെ ചെറുക്കേണ്ടത് അനിവാര്യമാണ്. കഴിഞ്ഞ കാലങ്ങളിൽ മദ്യ ഉപയോഗത്തിലൂടെ സംസ്ഥാനത്തിന് ലഭിച്ചിരുന്ന വരുമാനത്തിൽ കുറവുണ്ടായെന്നുള്ള വാർത്തകൾ സൂചിപ്പിക്കുന്നത് കേരളം മയക്കുമരുന്നിന്റെ പിടിയിൽനിന്നും മോചിതമാകുന്നുവെന്നതാണ്. മയക്കുമരുന്നിന്റെ വ്യാപനവും ദുരുപയോഗവും തടയുന്നതിനായി ഗവൺമെന്റ് നടപ്പാക്കിയ ഫലപ്രദമായ നിയമ നടപടികളുടെയും ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും ഭാഗമായി കേരളത്തിൽ പുതുതലമുറകൾക്കിടയിൽ ലഹരിയുടെ ഉപയോഗം ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. മാധ്യമങ്ങളിൽ വൈൽഡ് ക്രൈം പോലുള്ള പരിപാടികൾ സംപ്രേഷണം ചെയ്ത് ലഹരി ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നത് തടയേണ്ടതുണ്ട്. ആഗോളതലത്തിൽ രൂപപ്പെട്ടിട്ടുള്ള ഈ വിപത്തിനെ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ നേരിടുന്നതിനുള്ള ശക്തമായ ഇടപെടലുണ്ടാകണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): കേരളത്തിൽ മയക്കുമരുന്ന് വ്യാപനം അപകടകരമായ രീതിയിൽ വർധിച്ചിരിക്കുകയാണ്. യുവതലമുറയെ വഴിതെറ്റിക്കുന്ന മയക്കുമരുന്ന് മാഫിയയെ പുറത്തുകൊണ്ടുവരണം. എക്സൈസ് വകുപ്പിന് ഇക്കാര്യം ശരിയായ രീതിയിൽ എൻഫോഴ്സ് ചെയ്യാനോ നടപടികൾ കൃത്യമായി റിവ്യൂ ചെയ്യാനോ

സാധിക്കുന്നില്ല. മയക്കുമരുന്ന് കേസുകൾ പതിന്മടങ്ങ് വർധിച്ചിരിക്കുകയാണ്. ഏറ്റവും മോശമായ അവസ്ഥയിലൂടെയാണ് കേരളം കടന്നുപോകുന്നത്. ഇതുമായി ബന്ധപ്പെട്ട പല കേസുകളും പുറത്ത് വരുന്നില്ലെന്നത് സ്ഥിതി കൂടുതൽ ഗുരുതരമാക്കുന്നു. വയലൻസ് വലിയതോതിൽ വർധിക്കുകയും കുറ്റകൃത്യങ്ങളുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുകയുമാണ്. പരാതി ലഭിച്ചാൽ കുറ്റക്കാരെ ശാസിച്ചുവിടുന്ന രീതി അവസാനിപ്പിക്കണം. പലപ്പോഴും നിരപരാധികൾ ആക്രമിക്കപ്പെടുന്നു. ചെറിയ കുഞ്ഞുങ്ങളെപ്പോലും ക്യാരിയേഴ്സാക്കി മാറ്റുന്നു. ലഹരിക്കെതിരെ ശക്തമായ ബോധവൽക്കരണം ആവശ്യമാണ്. എക്സൈസ് വകുപ്പിൽ വളരെ കുറച്ച് ജീവനക്കാരും സംവിധാനങ്ങളും മാത്രമാണുള്ളത്. എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തണം. എക്സൈസ് വകുപ്പിന് കൃത്യമായ ഇന്റലിജൻസ് സംവിധാനം ഏർപ്പെടുത്തണം. കേരളം മയക്കുമരുന്ന് മാഫിയയുടെ പിടിയിലേക്ക് വഴുതി വീഴുന്നത് തടയുന്നതിന് സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മയക്കുമരുന്ന് വിഷയം കേരളം നേരിടുന്ന ഏറ്റവും ഗുരുതരമായ സാമൂഹിക പ്രശ്നങ്ങളിൽ ഒന്നാണ്. കേരളത്തിൽ മയക്കുമരുന്ന് വ്യാപനം വർധിക്കുന്നുണ്ടെന്ന കാര്യത്തെ അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ലോകം നേരിടുന്ന വലിയൊരു പ്രശ്നമാണിത്. ദേശീയതലത്തിൽ മയക്കുമരുന്ന് ഉപയോഗത്തിൽ കേരളം ഏറ്റവും പിന്നിലാണെങ്കിലും ആഗോളതലത്തിൽ ലഹരിയുടെ ഉപയോഗം വർധിക്കുന്നതിനനുസരിച്ച് കേരളത്തിലും ഇത് വർധിക്കുന്നുണ്ടെന്നത് ആശങ്കാജനകമാണ്. ലഹരിയുടെ ഉപയോഗം വർധിച്ചിട്ടുണ്ടെന്നത് ശരിയാണെങ്കിലും കേരളം ലഹരിയുടെ കേന്ദ്രമാണെന്ന പരാമർശം തെറ്റാണ്. ലഹരിക്കെതിരെയുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന പരാമർശം നിർഭാഗ്യകരമാണ്. കേരളത്തിൽനിന്നും പിടിച്ചെടുത്ത മയക്കുമരുന്നുകളുടെ മൂല്യം കുറവാണെങ്കിലും ഇവിടെ രജിസ്റ്റർ ചെയ്ത കേസുകളുടെയും അറസ്റ്റുകളുടെയും എണ്ണം കൂടുതലാണ്. എൻഫോഴ്സ്മെന്റ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തണമെന്ന അഭിപ്രായത്തോട് സർക്കാർ യോജിക്കുന്നു. മയക്കുമരുന്ന് കേസുകളുടെ കാര്യത്തിൽ ഇന്ത്യയിൽ ഏറ്റവും ഉയർന്ന ശിക്ഷാ നിരക്കുള്ള

സംസ്ഥാനമാണ് കേരളം. ലഹരി മരുന്നിന്റെ ഉപയോഗവും വ്യാപനവും തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എക്സൈസ് വകുപ്പിനെ ശക്തീകരിക്കുന്നതിന്റെ ഭാഗമായി 66 മഹീന്ദ്ര ബൊലേറോ വാഹനങ്ങൾ ലഭ്യമാക്കുകയും സി.സി.ടി.വി. ഉൾപ്പെടെ സ്ഥാപിച്ച് ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന് സംവിധാനമൊരുക്കുകയും സെൻട്രലൈസ്ഡ് മോണിറ്ററിങ് സിസ്റ്റം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സൈബർ സെൽ നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകൾക്കും സി.ഡി.ആർ. അനലൈസറുകൾ, മൊബൈൽ ഫോറൻസിക് സോഫ്റ്റ്‌വെയർ, ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എന്നിവ നൽകുകയും ഐ.ടി. സെല്ലിന് മാക് ബുക്ക്, ഐമ കമ്പ്യൂട്ടറുകൾ, ട്രെയിനിങ് ഉൾപ്പെടെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ലഹരി ഉപയോഗം സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ-കോളേജ് വിദ്യാർഥികൾക്കായി ഉണർവ്, നേർവഴി, നേർക്കൂട്ടം, ശ്രദ്ധ എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. നെയ്യാറ്റിൻകര, കോഴിക്കോട് ബീച്ച് ആശുപത്രികളിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക കൗൺസലിങ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളെ വൾണറബിൾ സ്പോട്ടുകളായി കണക്കാക്കി പ്രവർത്തനം നടത്തുന്നുണ്ട്.

സ്കൂളുകളിലും കോളേജുകളിലും തീരദേശ, ആദിവാസി മേഖലകളിലും എക്സൈസ് വകുപ്പ് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ലഹരി വ്യാപനവും ഉപയോഗവും തടയുന്നതിനായി പോലീസ് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലാക്ക് സ്പോട്ടുകളും എൻ.ഡി.പി.എസ്. ചെക്കിങ് പോയിന്റുകളും ഐഡന്റിഫൈ ചെയ്ത് പ്രത്യേക നിരീക്ഷണം നടത്തിവരുന്നു. എക്സൈസ്, പോലീസ് വിഭാഗങ്ങളുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾക്കുപുറമെ സ്ട്രൈക്കിങ് ഫോഴ്സ്, നാർക്കോട്ടിക് സ്ക്വാഡ്, ഹൈവേ പട്രോളിങ് യൂണിറ്റ്, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് തുടങ്ങിയവയും പ്രവർത്തിക്കുന്നു. സ്കൂളുകളിൽ നടപ്പാക്കിയ യോദ്ധാവ് പദ്ധതി വിജയകരമായി മുന്നോട്ടുപോകുന്നു. സ്കൂളുകളുടെയും കോളേജുകളുടെയും പരിസരങ്ങളിൽ മഫ്ത്തി പോലീസിന്റെ നിരീക്ഷണം ഉറപ്പാക്കുകയും കേസിൽ ഉൾപ്പെടുന്നവരുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കുകയും ചെയ്യുന്നുണ്ട്.

ഉപക്ഷേപം സഭ നിരാകരിച്ചു.

**ബജറ്റിന്മേലുള്ള പൊതുചർച്ച-തുടർച്ച**

<u>ശ്രീ. ജോബ് മൈക്കിൾ</u>: ബജറ്റിനെ അനുകൂലിക്കുന്നു. വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് മുടക്കം വരാതെ സാമ്പത്തിക വളർച്ച

കൈവരിക്കാനായതും പൊതുകടം കുറയ്ക്കാനായതും തനത് വരുമാനം വർധിപ്പിക്കാനായതും ശ്രദ്ധേയമാണ്. കിഫ്ബിയിലൂടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് മുതൽക്കൂട്ടാണ്. റബ്ബറിന്റെ വില വർധിപ്പിക്കുന്നതിനും നെൽ കർഷകരെ സഹായിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീമതി ശാന്തകുമാരി കെ.: ബജറ്റിനെ അനുകൂലിക്കുന്നു. കോവിഡിനുശേഷം ക്രമാനുഗതമായി നികുതി വരുമാനം വർധിപ്പിക്കാനായതും പെൻഷനും ശമ്പളവും മുടങ്ങാതെ നൽകാനായതും സേവന-പശ്ചാത്തല മേഖലകളിൽ ഫണ്ട് ചെലവഴിക്കാനായതും ശ്രദ്ധേയമായ നേട്ടങ്ങളാണ്. അർഹമായ വിഹിതം നിഷേധിച്ചും കടമെടുക്കാനുള്ള അവകാശത്തെ തകർത്തും സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുന്ന കേന്ദ്ര ഗവൺമെന്റ് നിലപാട് പ്രതിഷേധാർഹമാണ്. വയനാട് ദുരന്തനിവാരണത്തിനും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനും കേന്ദ്ര ബജറ്റിൽ ഫണ്ട് വകയിരുത്താത്തതും ഊർജ, ഇൻഷ്വറൻസ് മേഖലകളെ സ്വകാര്യവൽക്കരിച്ചതും പ്രതിഷേധാർഹമാണ്. കോങ്ങാട് ആർട്ട് ഗ്യാലറി ടൂറിസം കേന്ദ്രം, മണ്ണൂരിൽ പൊറാട്ടുനാടക ഗവേഷണ കേന്ദ്രം, പത്തിരിപ്പാല ആർട്സ് ആൻഡ് സയൻസ് കോളേജിൽ

ബിരുദാനന്തര ബിരുദ, ന്യൂജനറേഷൻ കോഴ്സുകൾ എന്നിവ ആരംഭിക്കാനും വിവിധ കലാരൂപങ്ങൾ അഭ്യസിക്കാനുള്ള സാംസ്കാരിക കേന്ദ്രമായി ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകത്തെ ഉയർത്താനും നടപടി സ്വീകരിക്കണം. കാഞ്ഞിരപ്പുഴ അണക്കെട്ട്, ശിരുവാണി, മീൻവല്ലം വെള്ളച്ചാട്ടം എന്നിവ കോർത്തിണക്കി ഇക്കോ ടൂറിസം ഹബ്ബും ആറ്റില-വട്ടപ്പാറ പ്രദേശങ്ങളിൽ മിനി ഹൈഡൽ പ്രോജക്ടും പറളിയിൽ സ്പോർട്സ് അക്കാദമിയും ആരംഭിക്കണം.

ഡോ. സുജിത് വിജയൻപിള്ള: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ അവഗണനമൂലമുണ്ടായ സാമ്പത്തിക ഞെരുക്കത്തെ മികച്ച ധനമാനേജ്മെന്റിലൂടെ മറികടക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കൊപ്പം വികസന പദ്ധതികളും നടപ്പാക്കി സംസ്ഥാനത്തെ മുന്നോട്ടുനയിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. ഇതര വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമിയിൽ ഐ.ടി. പാർക്കുകളും ഷോപ്പിങ് മാളുകളും നിർമ്മിച്ച് വരുമാനം വർധിപ്പിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. തനത്, നികുതിയേതര വരുമാനങ്ങളിൽ

ഇരട്ടിയോളം വർധനവുണ്ടാക്കാൻ ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്. സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ തമസ്കരിക്കുന്ന പ്രതിപക്ഷ നിലപാട് ഒഴിവാക്കണം. മൂലധന ചെലവിനും പരിഷ്കാരങ്ങൾക്കുള്ള പ്രോത്സാഹനത്തിനും സംസ്ഥാനങ്ങൾക്കുവേണ്ടി കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച 50 വർഷത്തെ പലിശരഹിത വായ്പ നേടിയെടുക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. കെ.എം.എം.എൽ.-ന്റെ പരിസര പ്രദേശങ്ങളിലെ മലിനീകരിക്കപ്പെട്ട ഭൂമി ഏറ്റെടുത്ത് ലോജിസ്റ്റിക് പാർക്ക് ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണം. നിർദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ നീണ്ടകര, ചവറ, പന്മന പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തണം.

ശ്രീമതി കെ. കെ. രമ: ബജറ്റിനെ എതിർക്കുന്നു. മുൻവർഷത്തെ അപേക്ഷിച്ച് എസ്.സി./എസ്.റ്റി. വിഭാഗങ്ങളുടെ വിവിധ പദ്ധതികൾക്കുൾപ്പെടെ കുറഞ്ഞ വിഹിതമാണ് അനുവദിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളികളായ വനിതകളുടെ വിധവാ പെൻഷനും പാചക തൊഴിലാളികളുടെ കൂലിയും കൊടുത്തുതീർക്കണം. ആവശ്യത്തിന് ജീവനക്കാരും അവശ്യ മരുന്നുകളും ലഭ്യമാക്കി മെഡിക്കൽ കോളേജുകളുടെ ശോച്യാവസ്ഥ പരിഹരിക്കണം. വടകര നിയോജകമണ്ഡലത്തിലെ

കടൽഭിത്തികളുടെ അശാസ്ത്രീയമായ നിർമ്മാണത്തിനും കാലപ്പഴക്കത്തിനും പരിഹാരം കാണണം. പുനർഗേഹം പദ്ധതിക്കായി മതിയായ തുക വകയിരുത്താത്തതും സർക്കാർ ജീവനക്കാർക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ തടഞ്ഞുവച്ചതും കോടതിവ്യവഹാര ഫീസ് വർധിപ്പിച്ചതും ഭൂനികുതി പകുതിയിലേറെ വർധിപ്പിച്ചതും പ്രതിഷേധാർഹമാണ്. പരിതാപകരമായ അവസ്ഥയിലുള്ള ചോമ്പാൽ ഫിഷിങ് ഹാർബർ നവീകരിക്കാനാവശ്യമായ തുക നീക്കിവയ്ക്കണം.

ശ്രീ. ലിന്റോ ജോസഫ്: ബജറ്റിനെ അനുകൂലിക്കുന്നു. മുണ്ടക്കൈ-ചൂരൽമല ദുരന്തനിവാരണത്തിന് ധനസഹായം അനുവദിക്കാത്ത കേന്ദ്ര സർക്കാർ നിലപാട് അപലപനീയമാണ്. കേന്ദ്ര അവഗണന തുടരുമ്പോഴും സംസ്ഥാനത്ത് പ്രതീക്ഷാനിർഭരമായ ബജറ്റ് അവതരിപ്പിച്ചത് സ്വാഗതാർഹമാണ്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതികളാണ് ബജറ്റിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. മലയോര ഹൈവേ, ആശുപത്രി-സ്കൂൾ കെട്ടിടങ്ങൾ തുടങ്ങി നിരവധി വികസന പ്രവർത്തനങ്ങളാണ് കിഫ്ബിയിലൂടെ യാഥാർഥ്യമായത്.

ശ്രീ. പി. പി. സുമോദ്: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്രം സാമ്പത്തികമായി ഞെരുക്കുമ്പോഴും അതിനെയെല്ലാം മറികടക്കുന്ന

വിധത്തിൽ വികസനവും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്ന ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. വയനാട് ദുരന്തത്തിന് കേന്ദ്ര സഹായം ഇതുവരെ ലഭ്യമായിട്ടില്ലെന്നത് ഖേദകരമാണ്. എയിംസ് അനുവദിക്കുന്ന കാര്യത്തിൽ നിഷേധാത്മക നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. നെല്ല് വികസന പദ്ധതിക്കായി വിവിധ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് 150 കോടി രൂപ ബജറ്റിൽ വകയിരുത്തിയത് സ്വാഗതാർഹമാണ്. നെല്ലിന്റെ താങ്ങുവില വർധിപ്പിക്കാനും സംഭരണവില വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം. നബാർഡിന്റെ ധനസഹായത്തോടെ പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ ആധുനിക റൈസ് മിൽ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ബജറ്റിൽ തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ബജറ്റിനെ എതിർക്കുന്നു. എൻ.എച്ച്.-ലെ കൊളത്തൂർ ജങ്ഷനിൽനിന്നും കോഴിക്കോട് വിമാനത്താവളത്തിലേക്കും ഹജ്ജ് എമ്പാർക്കേഷൻ പോയിന്റിലേക്കുമുള്ള റോഡുകളുടെ അറ്റകുറ്റപ്പണിക്കായി ഫണ്ട് അനുവദിക്കാത്തത് പ്രതിഷേധാർഹമാണ്. സർക്കാരിന്റെ അലംഭാവം മൂലമാണ് കോഴിക്കോട് വിമാനത്താവളത്തിലെ RESA (Runway End Safety Area) വികസനത്തിന് കാലതാമസം

നേരിടുന്നത്. ബജറ്റ് വിഹിതം അനുവദിക്കുന്നതിൽ പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളോട് വിവേചനപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: ബജറ്റിനെ അനുകൂലിക്കുന്നു. രൂക്ഷമായ സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും വികസനവും ക്ഷേമ പ്രവർത്തനങ്ങളും മുടക്കംകൂടാതെ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന് സാധിച്ചത് പ്രശംസനീയമാണ്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചിക, ആരോഗ്യ വികസന സൂചിക, പബ്ലിക് അഫയേഴ്സ് സൂചിക തുടങ്ങിയ പല മേഖലകളിലും കേരളം ഒന്നാമതാണ്. ദേശീയപാത വികസനത്തിനായി കിഫ്ബിവഴി പണം വിനിയോഗിക്കാൻ സാധിച്ചതും കണ്ണൂരിൽ ഹജ്ജ് ഹൗസ് സ്ഥാപിക്കാൻ ബജറ്റിൽ തുക വകയിരുത്തിയതും അഭിനന്ദനാർഹമാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ബജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തെ ജനങ്ങളെയും പ്രതിപക്ഷത്തെയും അവഗണിച്ച ബജറ്റാണിത്. ഭൂനികുതി വർധിപ്പിച്ചത് പ്രതിഷേധാർഹമാണ്.

പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിന് നീക്കിവച്ച തുകയും ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനുള്ള തുകയും വെട്ടിക്കുറച്ചത് അവരോടുള്ള അവഗണന വ്യക്തമാക്കുന്നതാണ്. ക്രമക്കേട് നടത്തിയ വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് 10 കോടി രൂപ വകയിരുത്തിയത് വിചിത്രമാണ്.

ശ്രീ. കെ. പി. മോഹനൻ: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്ന ബജറ്റാണിത്. അതിദരിദ്രരില്ലാത്ത സംസ്ഥാനമാക്കാൻ സാധിച്ചതും നാലര ലക്ഷം കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാനായതും ഡിജിറ്റൽ സർവെ പൂർത്തിയാക്കാനായതും രണ്ട് ലക്ഷത്തിൽപ്പരം വ്യവസായ സംരംഭങ്ങൾ തുടങ്ങാനായതും സർക്കാരിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ നവോദയ കുന്നിലുള്ള ഭൂമി കിൻഫ്ര ഏറ്റെടുക്കുന്നതിനും നരിക്കോട് മല-വാഴമല ഇക്കോ ടൂറിസം പദ്ധതി പൂർത്തീകരിക്കുന്നതിനും ന്യൂ ഇന്നിങ്സ് പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ഭൂമി തരംമാറ്റത്തിലൂടെ ഫീസായി ലഭിച്ച തുക കാർഷിക വികസനത്തിനായി ഉപയോഗിക്കണം. ക്ഷീര-കൈത്തറി മേഖലകളെ സംരക്ഷിക്കാൻ കുടിശ്ശികയും സബ്സിഡിയും

നൽകുകയും വന്യമൃഗ ആക്രമണത്തിൽനിന്നും കർഷകരെ സംരക്ഷിക്കാൻ പ്രത്യേക പാക്കേജ് നടപ്പാക്കുകയും ചെയ്യണം. കൂത്തുപറമ്പിലുള്ള ബയോ റിസോഴ്സ്-കം-അഗ്രോ സർവീസ് സെന്റർ, KAMCO എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. മുൻകാലങ്ങളിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ വിതരണം ചെയ്തിരുന്ന നടപടി പുനരാരംഭിക്കണം. സ്കൂൾ അധ്യാപകരുടെ കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതികൾ നടപ്പാക്കുമെന്ന നിർദേശവും കണ്ണൂരിൽ ഹജ്ജ് ഹൗസ് സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിച്ചതും അഭിനന്ദനാർഹമാണ്. പാട്യത്ത് വാഗ്ഭടാനന്ദന്റെ പേരിൽ ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാനും കൂത്തുപറമ്പിൽ ജെൻഡർ കോംപ്ലക്സ് സ്ഥാപിക്കാനുമുള്ള നടപടി ത്വരിതപ്പെടുത്തണം. പാനൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാനും കിടപ്പുരോഗികളെ പരിചരിക്കുന്നവർക്കുള്ള ധനസഹായം സമയബന്ധിതമായി നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. മെഡിസെപ്പ് പദ്ധതി കാര്യക്ഷമമാക്കണം. കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്താനും കൂത്തുപറമ്പിൽ പ്രശസ്ത ചിത്രകാരനായ കെ.ജി. സുബ്രഹ്മണ്യത്തിന്റെ പേരിൽ ഒരു ചിത്രകലാ മ്യൂസിയം സ്ഥാപിക്കാനും

കോഴിക്കോട് എം.ടി. വാസുദേവൻ നായരുടെ സ്മാരകം സ്ഥാപിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ബജറ്റിനെ അനുകൂലിക്കുന്നു. തനത് നികുതി വരുമാനം വർധിപ്പിച്ചും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചുകൊണ്ടുമാണ് സർക്കാർ ധനപ്രതിസന്ധി മറികടന്നത്. തിരുവനന്തപുരം മെട്രോ റെയിലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം യാഥാർഥ്യമാക്കിയതും കാർഷിക മേഖലയെ ശക്തിപ്പെടുത്താനും മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിനും പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചതും ശ്ലാഘനീയമാണ്. സംരംഭക ക്യാമ്പയിനിലൂടെ മൂന്നുലക്ഷത്തിലധികം സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ നിലവിൽവന്നതും ഡിജിറ്റൽ സർവെ വഴി എല്ലാവർക്കും ഭൂമി എന്ന സ്വപ്നം യാഥാർഥ്യമായതും അഭിമാനാർഹമാണ്. സഹകരണ മേഖലയിൽ സ്വകാര്യ സർവകലാശാല ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിക്കണം. കരമന-കളിയിക്കാവിള റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കണം.

<u>ഡോ. എം. കെ. മുനീർ</u>: ബജറ്റിനെ എതിർക്കുന്നു. ഭൂനികുതിയും ഇലക്ട്രിക് വാഹനങ്ങളുടെ നികുതിയും വർധിപ്പിച്ച നടപടി അപലപനീയമാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ വർധിപ്പിക്കാത്തതും കാരുണ്യ സുരക്ഷാ പദ്ധതിക്കും കോക്ലിയർ ഇംപ്ലാന്റേഷന്റെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിനും മതിയായ തുക വകയിരുത്താത്തതും ഖേദകരമാണ്. വിവിധ സ്കോളർഷിപ്പുകളുടെ തുക പകുതിയായി കുറയ്ക്കുകയും എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് നൽകുന്നതിൽ കുടിശ്ശിക വരുത്തുകയും ചെയ്തത് പ്രതിഷേധാർഹമാണ്. കൊടുവള്ളി നിയോജകമണ്ഡലത്തിലെ ഫ്രഷ് കട്ട് എന്ന സ്ഥാപനം പി.സി.ബി.-യുടെ അംഗീകാരത്തോടെയാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിനും കോഴിക്കോട് ജില്ലയിലെ നരിക്കുനി ഫയർ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിനും താമരശ്ശേരി താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കാനും നവകേരള സൃഷ്ടി സാധ്യമാക്കാനും നിലവിലെ പദ്ധതികൾ യാഥാർത്ഥ്യമാക്കാനുമുതകുന്ന

ബജറ്റാണിത്. ഭൂരഹിതരും ഭവനരഹിതരുമില്ലാത്ത, അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറിയത് അഭിമാനകരമാണ്. റവന്യൂ കമ്മിയും ധനക്കമ്മിയും ജി.എസ്.ഡി.പി. അനുപാതവും കുറച്ചുകൊണ്ടുവരാനും നികുതി-നികുതിയേതര വരുമാനവും തനത് വരുമാനവും വർധിപ്പിക്കാനും 1200-ഓളം പദ്ധതികൾ കിഫ്ബിയിലൂടെ നടപ്പാക്കി അടിസ്ഥാന സൗകര്യ വികസനത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാനും സാധിച്ചത് അഭിനന്ദനാർഹമാണ്. സിൽവർ ലൈൻ പദ്ധതിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കണം. താൽക്കാലിക ജീവനക്കാർ, ആശാ വർക്കർമാർ, പാചകത്തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, ക്ഷേമനിധി തൊഴിലാളികൾ എന്നിവർക്ക് ആകർഷകമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന അവരുടെ മക്കൾക്ക് സ്കോളർഷിപ്പും ഏർപ്പെടുത്തണം. പ്രകൃതി ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ അത്യാധുനിക സംവിധാനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിന് ബജറ്റിൽ കൂടുതൽ ഫണ്ട് വകയിരുത്തണം. പട്ടാമ്പിയിൽ എക്സൈസ് സർക്കിൾ ഓഫീസും താലൂക്ക് വ്യവസായ ഓഫീസും ആരംഭിക്കാനും ഭാരതപ്പുഴയിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യാനും നടപടി സ്വീകരിക്കണം. ഭിന്നശേഷി വിഭാഗക്കാരുടെ പെൻഷൻ

വർധിപ്പിക്കാനും മെഡിക്കൽ സോഷ്യൽ വർക്കർമാരുടെ ശമ്പള പരിഷ്കരണത്തിലെ പോരായ്മകൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം. വയനാട് പാക്കേജിനുവേണ്ടി 750 കോടി രൂപയും ശബരിമലയെ രാജ്യത്തെ മികച്ച തീർഥാടന കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് 1033.62 കോടി രൂപയും കണ്ണൂരിൽ ഹജ്ജ് ഹൗസിനായി 5 കോടി രൂപയും രാജ്യത്തെ ആദ്യത്തെ ലേണിങ് കോൺസ്റ്റിറ്റ്യുവൻസിയായി പട്ടാമ്പിയെ മാറ്റുന്നതിന് ഒരു കോടി രൂപയും വകയിരുത്തിയത് സ്വാഗതാർഹമാണ്.

ശ്രീ. എ. പി. അനിൽ കുമാർ: ബജറ്റിനെ എതിർക്കുന്നു. സാമ്പത്തിക മാന്ദ്യത്തിൽനിന്ന് കരകയറുന്നതിനുള്ള യാതൊരു നിർദേശവും ബജറ്റിൽ ഇല്ല. പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിൽ ഉദാസീനമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം കുറഞ്ഞതും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതും സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ ഉത്തമോദാഹരണങ്ങളാണ്. സീപ്ലെയിൻ പദ്ധതിക്ക് ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വരുമാനദായകമായ പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്താത്തത് അപലപനീയമാണ്. കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തിയ റോഡ്

നിർമ്മാണങ്ങൾക്ക് ടോൾ പിരിക്കുക എന്ന ആശയം പുന:പരിശോധിക്കണം.

ശ്രീ. എം. നൗഷാദ്: ബജറ്റിനെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പദ്ധതികൾ നടപ്പാക്കിയും നികുതി-നികുതിയേതര വരുമാനം വർധിപ്പിച്ചും പൊതുകടവും ധനകമ്മിയും കുറച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. വിവേചനമില്ലാതെ കേരളത്തിലെ 140 മണ്ഡലങ്ങളിലെയും ഓരോ സ്കൂളിന് 5 കോടി രൂപ വീതം ലഭ്യമാക്കിയത് വിദ്യാഭ്യാസമേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത തെളിയിക്കുന്നതാണ്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞം, സമ്പൂർണ്ണ വൈദ്യുതീകരണം, ക്ഷേമ പെൻഷനുകൾ എന്നീ ജനപക്ഷ നിലപാടുകളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

(സഭ വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.)

*******